## പതിനാലാം കേരള നിയമസഭ
## 22-ാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 292** — 12.01.2021 -ൽ മറുപടിക്ക്

# കൽപ്പറ്റ മണ്ഡലത്തിൽ ആർദ്രം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ .സി .കെ .ശശീന്ദ്രൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പ് കൽപ്പറ്റ മണ്ഡലത്തിൽ എത്ര രൂപയുടെ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി; വിശദമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും തുകയും താഴെ ചേർക്കുന്നു.<br>1. മണ്ഡലത്തിലെ ഏഴ് (7) പ്രാഥമികാരോഗ്യകേന്ദ്രത്തിൽ 5 എണ്ണം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ശേഷിക്കുന്ന രണ്ട് പി.എച്ച്.സി.കളിൽ മുപ്പൈനാട് പി.എച്ച്.സി. യിൽ 160 കോടി രൂപ ചെലവിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.<br>2. വാഴവറ്റ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് രണ്ട് കോടി രൂപ അനുവദിച്ചു. പ്രവർത്തികൾ പുരോഗമിക്കുകയാണ്.<br>3. മണ്ഡലത്തിലെ മേപ്പാടി, തരിയോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ മേപ്പാടി സി.എച്ച്.സിയെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി.<br>4. തരിയോട് സ്ഥിതി ചെയ്യുന്ന ജില്ലാ ട്രെയിനിംഗ് സെന്റർ നവീകരണത്തിന് 75 ലക്ഷം രൂപ അനുവദിക്കുകയും ജില്ലാ നിർമ്മിതികേന്ദ്രയുടെ നേതൃത്വത്തിൽ വർക്കുകൾ പുരോഗമിച്ചു വരുന്നു .<br>5. 7.5 കോടി നബാർഡ് ഫണ്ട് ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | വൈത്തിരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നാലു നിലകളിലായി മെറ്റേണിറ്റി കോംപ്ലക്സ് നിർമ്മാണ പ്രവർത്തനങ്ങൾ പി.ഡബ്ല്യൂ.ഡിയുടെ മേൽ നോട്ടത്തിൽ പുരോഗമിച്ചു വരുന്നു.<br>6. പൊഴുതന പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി. 2020 ജനുവരി 16 ന് ഉദ്ഘാടനം ചെയ്തു.<br>7. പൊഴുതന ആശുപത്രിയിൽ എൻ.എച്ച്.എം-ന്റെ കായകൽപ്, അൺടൈഡ് എന്നീ ഫണ്ടുകളിൽ നിന്ന് അനുവദിച്ച 4 ലക്ഷം രൂപയ്ക്ക് ലാബ് നവീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br>8. വൈത്തിരി താലൂക്ക് ആശുപത്രി, കൽപ്പറ്റ ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ 15 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. |
| ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കൽപ്പറ്റ മണ്ഡലത്തിൽ ഏതെല്ലാം പി.എച്ച്.സി.കളെ സി.എച്ച്.സി.കൾ ആക്കി മാറ്റി; ഓരോ സി.എച്ച്.സി.ക്കും അനുവദിച്ച തുകയും നടത്തിയ പ്രവൃത്തികളും ഇതിന്റെ ഭാഗമായി അധികമായി സൃഷ്ടിച്ച തസ്തികകളുടെ വിവരങ്ങളും ലഭ്യമാക്കാമോ; ഇനി മണ്ഡലത്തിൽ സി.എച്ച്.സി. ആക്കാനുള്ള എത്ര പി.എച്ച്.സി.കൾ ഉണ്ടെന്ന് അറിയിക്കാമോ; | ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പി.എച്ച്.സി-കളെ സി.എച്ച്.സികളാക്കി മാറ്റിയിട്ടില്ല. പി.എച്ച്.സി-കളെയും സി.എച്ച്.സി-കളെയും എഫ്.എച്ച്.സി-കളാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. കൽപ്പറ്റ മണ്ഡലത്തിൽ എഫ്.എച്ച്.സി-കളാക്കി മാറ്റിയ സ്ഥാപനങ്ങളുടേയും, അനുവദിച്ച തുകയുടേയും, അധികമായി സൃഷ്ടിച്ച തസ്തികകളുടേയും വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| സി) | കൽപ്പറ്റ ജനറൽ ആശുപത്രി, വൈത്തിരി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചു; ഓരോന്നിന്റെയും നിലവിലെ അവസ്ഥ വിശദമാക്കാമോ; | സി) & ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൽപ്പറ്റ ജനറൽ ആശുപത്രി, വൈത്തിരി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ആരംഭിച്ച വികസന പ്രവൃത്തികൾ സംബന്ധിച്ച വിവരം ഇതോടൊപ്പം അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്യുന്നു. |
| ഡി) | ഈ ആശുപത്രികളിൽ പുതുതായി എത്ര, | | |

| | | | |
|---|---|---|---|
| | ഏതെല്ലാം തസ്തികകൾ സൃഷ്ടിച്ചു; വിശദമാക്കാമോ; | | |
| ഇ) | വൈത്തിരി താലൂക്ക് ആശുപത്രിയിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; ഒഴിഞ്ഞുകിടക്കുന്ന സൂപ്രണ്ട് തസ്തികയിൽ ആളെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ഇ) | വൈത്തിരി താലൂക്ക് ആശുപത്രിയിൽ ഒഴിഞ്ഞു കിടക്കുന്ന സൂപ്രണ്ട് തസ്തികയിലെ ഒഴിവ് നികത്തിയിട്ടുണ്ട്. നിലവിൽ സ്പെഷ്യാലിറ്റി വിഭാഗത്തിൽ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ, ഗൈനക്കോളജി ഒഴിവുകൾ ശേഷിക്കുന്നുണ്ട്. ആയത് പ്രൊമോഷൻ മുഖേന നികത്തുന്നതിനുള്ള മേൽ നടപടി സ്വീകരിച്ചുവരുന്നു. |

Hari

സെക്ഷൻ ഓഫീസർ

| ക്രമ. നം. | എഫ്.എച്ച്.സി-കളാക്കിയ സ്ഥാപനങ്ങൾ | അനുവദിച്ച തുക | അധികമായി അനുവദിച്ച തസ്തിക |
|---|---|---|---|
| 1 | പി.എച്ച്,സി പടിഞ്ഞാറേത്തറ | 26,59,913/- | അസിസ്റ്റന്റ് സർജൻ-1<br>സ്റ്റാഫ് നേഴ്സ്-2<br>ലാബ് ടെക്നീഷ്യൻ-1 |
| 2 | പി.എച്ച്.സി കോട്ടത്തറ | 17,83,623/- | അസിസ്റ്റന്റ് സർജൻ-1<br>സ്റ്റാഫ് നേഴ്സ്-2<br>ലാബ് ടെക്നീഷ്യൻ-1 |
| 3 | പി.എച്ച്.സി പൊഴുതന | 20,23,590/- | അസിസ്റ്റന്റ് സർജൻ-1<br>സ്റ്റാഫ് നേഴ്സ്-1<br>ലാബ് ടെക്നീഷ്യൻ-1 |
| 4 | പി.എച്ച്.സി വെങ്ങപ്പള്ളി | 11,32,000/- | അസിസ്റ്റന്റ് സർജൻ-1<br>സ്റ്റാഫ് നേഴ്സ്-2<br>ലാബ് ടെക്നീഷ്യൻ-1<br>ഫാർമസിസ്റ്റ്-1 |
| 5 | സി.എച്ച്.സി മേപ്പാടി | 17,53,868/- | |
| 6 | പി.എച്ച്.സി വാഴവറ്റ | 2 കോടി | |
| 7 | പി.എച്ച്.സി സുഗന്ധഗിരി | | അസിസ്റ്റന്റ് സർജൻ-1<br>സ്റ്റാഫ് നേഴ്സ്-2<br>ലാബ് ടെക്നീഷ്യൻ-1 |

Hari

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

ii) : **കൽപ്പറ്റ ജനറൽ ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ:**

1. 3 കോടി രൂപ ചെലവിൽ ആശുപത്രി കോമ്പൗണ്ടിൽ ഡി.ഇ.ഐ.സി കെട്ടിടത്തിന്റെ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള നോയ്ഡ മോഡൽ ഡി.ഇ.ഐ.സി. ആക്കി മാറ്റുന്നതിന്റെ ഭാഗമാണിത്.

2. ആർദ്രം പദ്ധതിയുടെ ഭാഗമായി 89.5 ലക്ഷം രൂപയുടെ ഒ.പി.ഡി. ട്രാൻസ്ഫോർമേഷൻ പ്രവർത്തനമായ ഫാർമസി സ്റ്റോർ, ശൗചാലയം, ഒ.പി കൗണ്ടറിന്റെ വിപുലീകരണം പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു.

3. പേ വാർഡ് നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച 75 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. ആയതിലേക്ക് ആവശ്യമായ ഇലക്ട്രിഫിക്കേഷൻ കൂടി നടത്തി പണി പൂർത്തീകരിച്ചാൽ രോഗികൾക്ക് തുറന്നു കൊടുക്കാവുന്നതാണ്.

4. എം.ആർ.എൽ. കെട്ടിടം:- 33 ലക്ഷം രൂപ വകയിരുത്തി ജില്ലാ നിർമ്മിതി കേന്ദ്രം വഴി നിലവിലെ ഓഫീസ് ബ്ലോക്കിന് മുകളിലായി പുരോഗമിക്കുന്നു.

5. പുതിയ ആശുപത്രി കെട്ടിടത്തിലേക്ക് ജനറേറ്റർ HT ട്രാൻസ്ഫോർമർ മറ്റു സാമഗ്രികൾ - 80 ലക്ഷം രൂപ
   വെന്റിലേറ്റർ : 50 ലക്ഷം രൂപ
   ALS ആംബുലൻസ് : 40 ലക്ഷം രൂപ

**താലൂക്ക് ആസ്ഥാന ആശുപത്രി വൈത്തിരി:-**

1. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച 7 ലക്ഷം രൂപ ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റ് യാഥാർത്ഥ്യമാക്കി

2. ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ₹1,79,772/- അടങ്കലിൽ ആശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങളും ലഭ്യമാക്കി

3. വാർഡുകളിലെ സെൻട്രലൈസ്ഡ് ഓക്സിജൻ വിതരണ സംവിധാനമൊരുക്കാൻ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ₹7,61,661/- വിനിയോഗിച്ചു.

4. നബാർഡ് അനുവദിച്ച 7.5 കോടി രൂപ വിനിയോഗിച്ച് പ്രസവ ചികിത്സാ കെട്ടിട നിർമ്മാണം തുടങ്ങി. 2021 മെയ് മാസത്തോടെ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയും.

5. എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 1 കോടി രൂപ അടങ്കലിൽ പുതിയ ഒ.പി. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി.

6. പ്ലാൻ ഫണ്ട് ഉപയോഗിച്ച് കോവിഡ് ഐസൊലേഷൻ വാർഡ് ക്രമീകരിച്ചു. അടങ്കൽ തുക: ₹2,62,427/-

7. എൻ.എച്ച്.എം. അനുവദിച്ച 10 ലക്ഷം രൂപ വിനിയോഗിച്ച് ആന്റി നേറ്റൽ ട്രൈബൽ ഹോം (2 യൂണിറ്റ്) നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

8. ഒ.പി. ബിൽഡിംഗ് പരിസരം ഇന്റർ ലോക്ക് ചെയ്യുന്നതിനുള്ള ഡ്രെയിനേജ് സംവിധാനം ഒരുക്കുന്നതിനും എൻ.എച്ച്.എം. 5 ലക്ഷം രൂപ വിനിയോഗിച്ചു.

9. എക്സ്-റേ നവീകരണം, കുടിവെള്ള പദ്ധതി : 32 ലക്ഷം രൂപ കൽപ്പറ്റ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്. 40% പ്രവൃത്തി പൂർത്തീകരിച്ചു.

10. ബ്ലഡ് സ്റ്റോറേജ് പ്രവർത്തന സജ്ജമാക്കൽ : 1,30,000/-രൂപ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് : 50% പ്രവൃത്തി പൂർത്തീകരിച്ചു

ഡി) : ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൽപ്പറ്റ ജനറൽ ആശുപത്രി, വൈത്തിരി താലൂക്ക് ആസ്ഥാന ആശുപത്രി എന്നിവിടങ്ങളിൽ സൃഷ്ടിച്ച തസ്തികകൾ:

**കൽപ്പറ്റ ജനറൽ ആശുപത്രി:**

| | |
|---|---|
| ഡെപ്യൂട്ടി ഡയറക്ടർ | 1 |
| ജൂനിയർ കൺസൾട്ടന്റ് അനസ്തേഷ്യ | 1 |
| ജൂനിയർ കൺസൾട്ടന്റ് റെസ്പിറേറ്ററി മെഡിസിൻ | 1 |
| ജൂനിയർ കൺസൾട്ടന്റ് ഡെന്റൽ | 1 |
| ജൂനിയർ കൺസൾട്ടന്റ് ജനറൽ സർജറി | 1 |
| ജൂനിയർ കൺസൾട്ടന്റ് ഒഫ്താൽമോളജി | 1 |
| ജൂനിയർ കൺസൾട്ടന്റ് സൈക്യാട്രി | 1 |
| ജൂനിയർ കൺസൾട്ടന്റ് ഇ.എൻ.ടി. | 1 |
| ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജി | 1 |
| ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക് | 1 |
| കൺസൾട്ടന്റ് പീഡിയാട്രിക് | 1 |
| കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 2 |
| ലാബ് ടെക്നീഷ്യൻ | 7 |
| സ്റ്റാഫ് നഴ്സ് | 10 |
| ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ്-2 | 1 |
| റേഡിയോഗ്രാഫർ ഗ്രേഡ്-2 | 1 |
| എക്സ്-റേ അറ്റൻഡർ | 1 |
| ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 1 |
| ഫാർമസിസ്റ്റ് ഗ്രേഡ്-2 | 3 |
| ഒപ്ടോമെട്രിസ്റ്റ് ഗ്രേഡ്-2 | 1 |
| മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ ഗ്രേഡ്-2 | 1 |
| മെഡിക്കൽ റെക്കോർഡ് അറ്റൻഡന്റ് | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 | 10 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-1 | 3 |
| **ആകെ** | **53** |

**താലൂക്ക് ആസ്ഥാന ആശുപത്രി വൈത്തിരി**

| | |
|---|---|
| ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 | 2 |
| സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 | 2 |
| ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ്-2 | 1 |
| ഡയാലിസിസ് ടെക്നീഷ്യൻ | 2 |
| ഫാർമസിസ്റ്റ് ഗ്രേഡ്-2 | 1 |
| **ആകെ** | **8** |

Hari

സെക്ഷൻ ഓഫീസർ